# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന നയം</u>

4264 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന നയത്തിന്റെ പകർപ്പ് ലഭ്യമാക്കമോ;

(ബി) പ്രസ്തുത വികസന നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിന് ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി</u>

4265

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി വിശദമാക്കാമോ; വരുമാന പരിധിയിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വികസന വകുപ്പിനു കീഴിൽ കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി നിലവിലുള്ള വരുമാന പരിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ച വരുമാന പരിധിക്കു തുല്യമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനത്തിനായി ധനസഹായം</u>

4266 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടിക ജാതി കുടുംബങ്ങൾക്ക് സാമൂഹിക നീതി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി 2012–2013, 2013–2014 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക ധനസഹായമായി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) കേന്ദ്ര ഫണ്ടുപയോഗിച്ച് പട്ടിക ജാതി കോളനികൾക്ക് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായം</u>

4267 ശ്രീ. വി.പി. സജീന്ദ്രൻ
'' ഐ.സി. ബാലകൃഷ്ണൻ
'' കെ. മുരളീധരൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ പാവപ്പെട്ടവർക്ക് നൽകി വരുന്ന ഭൂമി, വീട് എന്നിവയ്ക്കുള്ള ധനസഹായം അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലോചിതമായി അവ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്?

**കേരള നിയമസഭ**
**03.02.2014-ലെ മറുപടിക്ക്**

<u>പട്ടികജാതിക്കാർക്ക് ധനസഹായ സ്കീമുകൾ</u>

4268 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് ലഭിക്കുന്ന വിവിധ ധനസഹായ/ധന വായ്പാ സ്കീമുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികൾ ലഭിക്കുന്നതിന് പാലിക്കേണ്ട മാർഗ്ഗരേഖകൾ വിശദമാക്കാമോ ;

(സി) പട്ടികജാതി വിഭാഗത്തിന് ലഭിക്കുന്ന ക്ഷേമപദ്ധതികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

എല്ലാ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി

4269 ശ്രീ. കെ. വി. വിജയദാസ്
,, പി. റ്റി. എ. റഹീം
,, ബി. സത്യൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി നൽകുക എന്നത് ലക്ഷ്യമായി പ്രഖ്യാപിച്ചിരുന്നുവോ; ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്നും അതിൽ ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ;

(ബി) പദ്ധതി ലക്ഷ്യം നേടിയോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ഭൂരഹിതർക്ക് ഭൂമി വാങ്ങി വീടുവയ്ക്കാനായി കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച തുകയെത്രയെന്നും അത് ചെലവഴിച്ചതിന്റെ വിശദാംശങ്ങളും നൽകുമോ;

(ഡി) വീടു പൂർത്തീകരിക്കാത്ത പട്ടികജാതിക്കാർക്ക് ആ ആവശ്യത്തിനായി നീക്കിവെച്ചിരുന്ന 125 കോടിയിൽ ഇതുവരെ 17 ശതമാനത്തിൽ താഴെ മാത്രം ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഇന്ദിരാ ആവാസ് യോജന പ്രകാരം വീടു വെയ്ക്കുന്ന പട്ടികജാതിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഭൂരഹിത പുനരധിവാസ പദ്ധതി

4270 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം എത്ര പട്ടിക ജാതിക്കാർക്ക് ഭൂമി നൽകുകയുണ്ടായി; ഇതിനായി എത്ര രൂപ ചെലവഴിച്ചു; 2012-13 വർഷത്തെയും 2013-14 വർഷത്തെയും നാളിതുവരെയുമുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ;

(ബി) എത്ര പട്ടികജാതി കുടുംബങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പട്ടികജാതി ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുണ്ടായിരുന്ന തുകയിൽ എത്ര ശതമാനം ചെലവഴിച്ചു; ചെലവഴിക്കാതിരുന്ന തുക എത്ര; കാരണം വിശദമാക്കാമോ;

(ഡി) പട്ടികജാതി ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്കായി 2012-13 വർഷത്തിൽ കേന്ദ്ര ധനസഹായം ലഭിച്ചുവോ; എങ്കിൽ എത്ര;

(ഇ) 2013-14 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്രഫണ്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**03.02.2014-ലെ മറുപടിക്ക്**

<u>പട്ടികജാതിക്കാർക്ക് വീടുകൾ</u>

4271 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് വീടുവച്ച് നൽകിയത്; ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണം</u>

4272 ശ്രീ. വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ശൗചാലയ നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) മുൻകാലങ്ങളിൽ വീട് വയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുളളവർക്ക് ഇതിന് അർഹതയുണ്ടാകുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങൾ

4273 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി, വീട്, ശൗചാലയം എന്നിവയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ കണക്ക് കൈവശമുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതിക്കാർക്ക് ശൗചാലയം

4274 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്ക് 2011–13 കാലയളവിൽ ശൗചാലയം നിർമ്മിക്കുന്നതിന് എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ സമർപ്പിച്ച എത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശൗചാലയം അനുവദിക്കുന്നതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളെന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>

4275 ശ്രീ. സി. മമ്മൂട്ടി
.. അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വയം പര്യാപ്ത ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത അധിവാസ കേന്ദ്രപദ്ധതി</u>

4276 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വയംപര്യാപ്ത അധിവാസ കേന്ദ്രപദ്ധതിയിലേയ്ക്ക് പട്ടികജാതി സങ്കേതങ്ങള്‍ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം;

(സി) മൊത്തം എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിയില്‍ ഉള്‍പ്പെടുത്താന്‍ അര്‍ഹമായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കില്‍ അവയുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് ഈ വര്‍ഷം സ്വയംപര്യാപ്ത അധിവാസ കേന്ദ്രപദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(ഇ) എല്ലാ സങ്കേതങ്ങളിലും ഈ പദ്ധതി നടപ്പാക്കാന്‍ എത്ര വര്‍ഷം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കാൻ എൻലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ</u>

4277 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതി എത്ര കോളനികളിൽ പൂർത്തിയായിട്ടുണ്ട്;

(ബി) പദ്ധതി നടപ്പാക്കാൻ എൻലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) 2012-13ൽ ഇതിൽ ഓരോ സ്ഥാപനവും മേൽനോട്ടം വഹിക്കുന്ന കോളനികളുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ രൂപരേഖ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

4278 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ എത്ര കോളനികളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ പദ്ധതി പ്രകാരം രണ്ടാംഘട്ടത്തിൽ എത്ര കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത കോളനികളിൽ പ്രവൃത്തി ആരംഭിക്കാത്ത എത്ര കോളനികൾ ഉണ്ടെന്നും അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

## ആലത്തൂര്‍ കുണ്ടുകാട് സ്വയംപര്യാപ്തഗ്രാമം കോളനിയിലെ നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍

4279 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലത്തൂര്‍ നിയോജകമണ്ഡലത്തില്‍നിന്ന് 'സ്വയംപര്യാപ്തഗ്രാമം' പദ്ധതിയില്‍ ഉള്‍പ്പെടുത്തിയ എരിമയൂര്‍ ഗ്രാമപഞ്ചായത്തിലെ കുണ്ടുകാട് കോളനിയിലെ നിര്‍മ്മാണപ്രവര്‍ത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂര്‍ത്തിയാക്കിയത്; ഇനിയും എന്തെല്ലാം പ്രവൃത്തികളാണ് പൂര്‍ത്തീകരിക്കുവാനുള്ളത്;

(സി) സമയബന്ധിതമായി തീര്‍ക്കേണ്ട പ്രവൃത്തികള്‍ ഒരു വര്‍ഷത്തിലധികമായിട്ടും പൂര്‍ത്തീകരിക്കുവാന്‍ സാധിക്കാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതി അടിയന്തരമായി പൂര്‍ത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി പാറയം കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

4280 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം, ചാലക്കുടി മണ്ഡലത്തിലെ പാറയം കോളനിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് എന്നും, വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ മറ്റു പട്ടികജാതി കോളനികളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**03.02.2014-ലെ മറുപടിക്ക്**

<u>കൊറ്റുകുളം സ്വയംപര്യാപ്ത കോളനി</u>

4281 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കൊറ്റുകുളം സ്വയംപര്യാപ്ത കോളനിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തി, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) അവശേഷിക്കുന്ന ഭൗതിക ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി കുറ്റിച്ചിറ ഈസ്റ്റ്, വെസ്റ്റ് അംബേദ്കർ കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

4282 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 12, 13 വാർഡുകളിലായി സ്ഥിതിചെയ്യുന്ന കുറ്റിച്ചിറ ഈസ്റ്റ്, വെസ്റ്റ് അംബേദ്കർ കോളനിയിൽ "സ്വയംപര്യാപ്തഗ്രാമം" പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014–ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമ വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടത്തിയ ദുരിതാശ്വാസ വിതരണം</u>

4283 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടിക ജാതി ക്ഷേമ വകുപ്പിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്;

(ബി) 2011–12, 2012–13, 2013–14 വർഷങ്ങളിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ സഹായം ലഭിച്ചവരുടെ പേര് വിവരങ്ങളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭ്യമാക്കുന്നതിനായി പട്ടികജാതി ക്ഷേമ വകുപ്പിന്റെ ജില്ലാ–ബ്ലോക്ക് ഓഫീസർമാരിൽ നിന്നും ജില്ലാ കളക്ടറിൽ നിന്നും ആരെയെല്ലാം സംബന്ധിക്കുന്ന റിപ്പോർട്ടാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി</u>

4284 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമവകുപ്പിന്റെ ഫണ്ടിൽ നിന്നും ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് എത്ര കുടിവെള്ള പദ്ധതികൾക്ക് 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള അലംഭാവവും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഓൺലൈനായി വിതരണം</u>

4285 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ ഏതെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ഓൺലൈനായി വിതരണം ചെയ്യുന്നത്;

(ബി) ഡി.ബി.ടി.എസ്. സംവിധാനത്തിലൂടെയാണോ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്;

(സി) ഡി.ബി.ടി.എസ്. സംവിധാനത്തിലൂടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എപ്രകാരമാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംവിധാനത്തിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; എത്ര പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്;

(ഇ) പ്രസ്തുത സംവിധാനത്തിൽ വിദ്യാർത്ഥികളുടെ ഡേറ്റാ എൻട്രി നടത്തുന്നതിന് അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് മൂലം ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വിദ്യാർത്ഥികളുടെ ഈ ആനുകൂല്യങ്ങൾ ആധാർ വഴി ലിങ്കു ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായ പദ്ധതി

4286 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
,, പി.റ്റി.എ. റഹീം
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുളള, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനു സഹായം നൽകാനുളള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഈ പദ്ധതിക്കായി വകയിരുത്തിയ 151 കോടി രൂപയിൽ കേവലം 18% മാത്രം ചെലവഴിക്കാനിടയായ സാഹചര്യം അറിയിക്കുമോ;

(സി) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതി</u>

4287 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന സഹായപദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; ഇവർക്ക് ലഭിക്കുന്ന സ്റ്റൈപ്പന്റ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന പോക്കറ്റ് മണി, ലംപ്സംഗ്രാന്റ് തുടങ്ങിയവ എത്ര വീതമാണ് എന്ന് വ്യക്തമാക്കാമോ; കോളേജ് ഹോസ്റ്റലുകളിൽ അല്ലാതെ താമസിച്ച് പഠനം നടത്തുന്നവർക്ക് ഇപ്പോൾ എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ബി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി എന്നാണാരംഭിച്ചത്; സംസ്ഥാനത്തെ സർക്കാർ, എയിഡഡ്, സ്വാശ്രയ മേഖലകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഇത് അനുവദിക്കുന്നുണ്ടോ; ഏതു കമ്പനിയുടെ ലാപ്ടോപ്പാണ് നൽകുന്നത്; കഴിഞ്ഞ വർഷംവരെ അഡ്മിഷൻ നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഇത് നൽകിക്കഴിഞ്ഞോ;

(സി) ഈ അക്കാദമിക് വർഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയനുസരിച്ചുള്ള ലാപ്ടോപുകൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഇത് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ 'ഇ ലാബ്' പദ്ധതി</u>

4288 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ 'ഇ ലാബ്' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഈ പദ്ധതി നടപ്പാക്കാൻ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നോഡൽ ഏജൻസി ഏതായിരുന്നുവെന്നും എന്തെല്ലാം പരിപാടികൾക്കായി ആണ് തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ; പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ആരാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ</u>

4289 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ഈ തസ്തികകൾ പൊതു വിദ്യാഭ്യാസ വകുപ്പിൻ കീഴിലാണോ, പട്ടികജാതി വികസന വകുപ്പിൻകീഴിലാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരം നിയമനം നടത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്കൂളുകളിൽ വർഷങ്ങളായി താല്കാലിക അധ്യാപകരാണ് ജോലി ചെയ്യുന്നതെന്ന് അറിയാമോ; അധ്യാപകരില്ലാത്തത് കാരണം സ്കൂളുകളുടെ അക്കാദമിക് നിലവാരം താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എം. ആർ. എസ്. കളിലെ 2013 ലെ എസ്. എസ്. എൽ. സി. വിജയശതമാനം വ്യക്തമാക്കുമോ;

(എഫ്) എത്ര എം. ആർ. എസ്.കൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) ലാബ്, ലൈബ്രറി, മുതലായ സൗകര്യങ്ങൾ ഇല്ലാത്ത എത്ര എം. ആർ. എസ്.കൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ചാലക്കുടി വി. ആർ.പുരം ഐ. ടി. ഐയിൽ പുതിയ ട്രേഡ്</u>

4290 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ചാലക്കുടി വി. ആർ.പുരം ഗവൺമെന്റ് ഐ. ടി. ഐ. യിൽ ഇലക്ട്രീഷ്യൻ ട്രേഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2014 അധ്യയന വർഷത്തിൽ പുതിയ ട്രേഡിൽ പ്രവേശനം നടത്തുന്നതിനായി അനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ ഐ. ടി. ഐ. യിൽ പുതിതായി ഇൻസ്ട്രമെന്റേഷൻ കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിലെ വരവൂര്‍ ഐ. ടി. സി യുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍

4291 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേലക്കര മണ്ഡലത്തില്‍ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള വരവൂര്‍ ഐ.ടി.സി യുടെ വിവിധങ്ങളായ കെട്ടിടനിര്‍മ്മാണം ഉള്‍പ്പെടെയുള്ള പ്രവൃത്തികള്‍ക്കായി മുന്‍സര്‍ക്കാരിന്റെ കാലത്ത് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം അവയില്‍ ഏതെല്ലാം പ്രവൃത്തികള്‍ പൂര്‍ത്തിയാക്കിയെന്നും എത്ര തുക അതിനായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പൂര്‍ത്തീകരിച്ച പ്രവൃത്തിയുടെ ബില്‍ തുക നല്‍കാത്തതിനാല്‍ കരാറുകാരന്‍ നിര്‍മ്മാണം നിറുത്തിവച്ചിരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ കുടിശ്ശിക തുക വിതരണം ചെയ്ത് എപ്പോള്‍ പണി ആരംഭിക്കുമെന്നും ബാക്കി പ്രവൃത്തികള്‍ എപ്പോള്‍ പൂര്‍ത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ</u>

4292 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന എസ്.ടി.പി. യുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പരിപാടി സംസ്ഥാനത്താകെ നടപ്പാക്കാൻ നോഡൽ ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പരിപാടികൾക്കാണ് പ്രസ്തുത ഏജൻസിയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഈ ഏജൻസിയെ നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അവലംബിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ പരിപാടിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് കമ്പ്യൂട്ടർ പഠനം നൽകിയെന്നും, പഠനശേഷം നൽകിയ സർട്ടിഫിക്കറ്റ് ഏത് ബോർഡ്/യൂണിവേഴ്സിറ്റിയുടേതാണെന്നും വ്യക്തമാക്കാമോ; പരിപാടിയിൽ പറഞ്ഞിട്ടുള്ളതുപോലെ പഠനം പൂർത്തിയാക്കിയ എത്ര പേർക്ക് ജോലി ലഭിച്ചുവെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പ്രവർത്തനം</u>

4293 ശ്രീ. ബി.സത്യൻ
,, പുരുഷൻ കടലുണ്ടി
,, എം.ഹംസ
പ്രൊഫ. സി.രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായ വികസന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) പിന്നോക്കജാതിയിൽപ്പെട്ട പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭ്യമാക്കിയ 100 കോടി രൂപയിൽ കേവലം പത്തു കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ എന്നതിന്റെ കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പിന്നോക്ക വികസന പദ്ധതികൾക്കായി അനുവദിച്ച തുക</u>

4294 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന വകുപ്പിൽ 2013-2014 വർഷത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക ഇനം, പദ്ധതി തിരിച്ച് വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ ചെലവഴിച്ച തുക ഇനം തിരിച്ച് /പദ്ധതി തിരിച്ച് വിശദമാക്കാമോ;

(സി) പിന്നോക്ക വികസന വകുപ്പ് മുഖേന ഈ സർക്കാർ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) 2014-2015 വർഷം നടപ്പാക്കാനായി ബജറ്റിലേയ്ക്ക് സമർപ്പിച്ച പദ്ധതികൾ/പ്രപ്പോസലുകൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>ദേശീയ കോർപ്പറേഷനുകളിൽനിന്നുള്ള വിഹിതം</u>

4295 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ബി.സി. ഡി.സി.ക്ക് എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി. എഫ്.സി. എന്നീ ദേശീയ കോർപ്പറേഷനുകളിൽ 1% ഇന്ററസ്റ്റ് മാർജിൻ ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതൊക്കെ കാര്യങ്ങൾക്കായാണ് വകയിരുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) വകയിരുത്തിയതിൽ എത്ര രൂപ ദേശീയ കോർപ്പറേഷനുകളിൽനിന്ന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കെ. എസ്. ബി. സി. ഡി. സി. യിൽ മാനേജർ തസ്തിക</u>

4296 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ബി. സി. ഡി. സി. യിൽ മാനേജർ (എഫ് & എ) തസ്തിക എത്ര നാളായി ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികയിൽ സ്ഥിരം നിയമനം നടുത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.ബി.സി.ഡി.സി.ക്ക് വാങ്ങിയ വാഹനങ്ങൾ</u>

4297 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.സി.ഡി.സി.ക്ക് ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം വാഹനങ്ങളാണെന്നും ഓരോന്നും എപ്പോഴൊക്കെയാണ് വാങ്ങിയതെന്നും ഇതിന്റെ വില എന്തായിട്ടുണ്ടെന്നും, വെവ്വേറെ വിശദമാക്കാമോ;

(സി) ഈ വാഹനങ്ങൾ ഓരോന്നും ആരെല്ലാമാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിന് കേന്ദ്രഫണ്ട്</u>

4298 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുപ്രധാനവും ചരിത്രപരവും ആയ സ്ഥലങ്ങളെ ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനും, നിലവിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുമായി 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് തുക ചെലവഴിച്ചത്; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി; വിശദമായ സ്റ്റേറ്റ്മെന്റ് നൽകാമോ;

(സി) പാലക്കാട് ജില്ലയിലെ മലമ്പുഴ ഉദ്യാനം 2012-13 വർഷത്തിൽ മോടി പിടിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു; അതിൽ കേന്ദ്രഫണ്ട് എത്ര; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>മെഗാ കൾച്ചറൽ ഹബ്ബുകൾ</u>

4299 ശ്രീ. സണ്ണി ജോസഫ്
'' കെ. മുരളീധരൻ
'' ജോസഫ് വാഴക്കൻ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാദ്ധ്യതകളെ പ്രോത്സാഹിപ്പിക്കുന്നതിന് മെഗാ കൾച്ചറൽ ഹബ്ബുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനം</u>

4300 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' വി. ഡി. സതീശൻ
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങളെ മാസ്റ്റർ പ്ലാനുകളിലൂടെ വികസിപ്പിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സഞ്ചാരികൾക്ക് താമസസൗകര്യത്തിന് ഡാറ്റാബേസ്</u>

4301 ശ്രീ. പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സഞ്ചാരികളുടെ താമസസൗകര്യത്തിനായി ഡാറ്റാബേസ് തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ടൂറിസം വികസനത്തിനും സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് കുരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ, ആയുർവേദ ചികിൽസാ കേന്ദ്രമാക്കാൻ ഒരുക്കങ്ങൾ</u>

4302 ശ്രീ. വി.ഡി. സതീശൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ, ആയുർവേദ ചികിൽസാ കേന്ദ്രമാക്കാൻ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ലോക പൈതൃക കേന്ദ്രമായി യുനെസ്‌ക്കോ അംഗീകരിച്ച പശ്ചിമഘട്ടത്തെ മുൻ നിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആയുർവേദ രംഗത്തെ തൊഴിലാളികളെ പ്രചാരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

## മാലിന്യപ്രശ്നവും വിനോദസഞ്ചാരവും

4303

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, സി. മമ്മൂട്ടി
,, എം. ഉമ്മര്‍
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യപ്രശ്നം വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവപൂര്‍വ്വം പരിഗണിച്ചിട്ടുണ്ടോ;

(ബി) അതു പരിഹരിക്കാന്‍ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തില്‍ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികളെത്തുന്ന ബസ് സ്റ്റാന്റുകള്‍, ബോട്ട് ജട്ടികള്‍, റയില്‍വേ സ്റ്റേഷന്‍ പരിസരങ്ങള്‍, ട്രെക്കിംഗ് പാതകള്‍ എന്നിവിടങ്ങള്‍ മാലിന്യമുക്തമാക്കുന്നതിനും, ആകര്‍ഷകമാക്കുന്നതിനും ടൂറിസം വകുപ്പിന്റെ മേല്‍നോട്ടത്തില്‍ സമഗ്രപദ്ധതി തയ്യാറാക്കി നടപ്പാക്കുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് പദ്ധതി</u>

4304 ശ്രീ. പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര പരിശീലനത്തിനും മാനവശേഷി വികസനത്തിനും ഉള്ള മികവിന്റെ കേന്ദ്രമാക്കി കിറ്റ്സിനെ ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഗ്രാമീണ ടൂറിസം പദ്ധതി

4305 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ നിന്ന് എത്ര തുകയാണ് ലഭിച്ചിട്ടുള്ളത്; അതിൽ എത്രയാണ് ചെലവഴിച്ചത്?

**കേരള നിയമസഭ**
**03.02.2014-ലെ മറുപടിക്ക്**

<u>ടൂറിസം വകുപ്പിലും കെ. ടി. ഡി. സി. യിലും താൽക്കാലികാടി സ്ഥാനത്തിൽ നിയമനം</u>

4306 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.ടി.ഡി.സി. യിലും ടൂറിസം വകുപ്പിലും താൽക്കാലിക അടിസ്ഥാന ത്തിൽ എത്ര പേരെ ഏതൊക്കെ തസ്തികകളിൽ നിയ മിച്ചു എന്നു വ്യക്തമാക്കാമോ; ഇത്തരം നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിക്കാറുണ്ടോ; പത്രപരസ്യം നൽകാ റുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ചെറായി-മുനമ്പം ബീച്ചുകളിൽനിന്ന് ഡി.റ്റി.പി.സി.ക്ക് ലഭിച്ച വരുമാനം

4307 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറായി മുനമ്പം ബീച്ചുകളിൽനിന്ന് വിവിധയിനത്തിൽ 2011-2013 കാലയളവിൽ ഡി.റ്റി.പി.സി.ക്ക് ലഭിച്ച വരുമാനം എത്രയെന്നും ഏതൊക്കെ ഇനത്തിലെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ ചെറായി മുനമ്പം എന്നീ ബീച്ചുകളിൽ ഡി.റ്റി.പി.സി. നടത്തിയ നിർമ്മാണ/നവീകരണ പ്രവൃത്തികൾ എന്തൊക്കെയെന്നും ഓരോ ഇനത്തിലും ചെലവായ തുകയെത്രയെന്നും വ്യക്തമാക്കുമോ;

(സി) 2011-2013 കാലയളവിലെ ഡി.റ്റി.പി.സി.യുടെ വരവു-ചെലവുകൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ബേക്കൽ പാർക്ക് വികസന പദ്ധതി

4308 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ബേക്കൽ പാർക്ക് സുനാമിഫണ്ടിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുണ്ടോ ;

(ബി) കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ പാർക്ക് പൂർത്തിയാക്കാതെ അനാഥമായി കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാർക്കിന്റെ പ്രവൃത്തി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്ത് ബി.ആർ.ഡി.സി.ക്ക് വരുമാനം ഉണ്ടാക്കാവുന്ന നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹൗസ്ബോട്ടുകൾ</u>

4309 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിവിധ മേഖലകളിലായി എത്ര ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷങ്ങളിൽ എത്ര വിദേശ / ആഭ്യന്തര യാത്രക്കാർ ഇതിൽ സഞ്ചരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരവകുപ്പിന്റെ കൊല്ലം ജില്ലയിലെ പ്രവര്‍ത്തനങ്ങള്‍</u>

4310 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം കൊല്ലം ജില്ലയില്‍ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികള്‍ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011-2012, 2012-2013, 2013-2014 എന്നീ സാമ്പത്തിക വര്‍ഷങ്ങളില്‍ വിവിധ പദ്ധതികള്‍ക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) 2014-2015 സാമ്പത്തിക വര്‍ഷം നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ടൂറിസം സർക്യൂട്ടുകൾ</u>

4311 ശ്രീ. ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ:

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>അഷ്ടമുടിക്കായൽ ടൂറിസം സർക്യൂട്ട് വികസനം</u>

4312 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായൽ ടൂറിസം സർക്യൂട്ട് വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ടൂറിസം പദ്ധതികൾ</u>

4313 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ലോകനാർകാവ്, ജാനകിക്കാട്, പെരുവണ്ണാമൂഴി, കക്കയം, കരിയാത്തൻപാറ എന്നീ ടൂറിസ്റ്റ് സ്പോട്ടുകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

ഏറനാട് ആഢ്യൻപാറ ടൂറിസം വികസനം

4314 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികളാണ് പുതുതായി പരിഗണനയിലുള്ളത്;

(ബി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>സാന്റ്ബാങ്ക്സ് ടൂറിസം വികസനം</u>

4315 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിലെ സാന്റ്ബാങ്ക്സ് ടൂറിസം വികസനത്തെ ഉദ്ദേശിച്ചുകൊണ്ട് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; എപ്പോഴാണ് ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിർദ്ദേശിച്ച പ്രവൃത്തികൾ അവിടെ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ കഴിയുന്നതും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ;

(സി) ടൂറിസം വികസനത്തിനായി വടകര സാന്റ്ബാങ്ക്സിലെ സർക്കാർ ഭൂമി ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വടകരയിൽ 2 ഏക്കറോളം വരുന്ന സർക്കാർ ഭൂമി ടൂറിസം വികസനത്തിനായി ആവശ്യപ്പെടാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കർലാട് തടാകത്തിന്റെ ടൂറിസം സാധ്യതകൾ</u>

4316 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കർലാട് തടാകത്തിന്റെ ടൂറിസം സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തടാകത്തിൽ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി നടപ്പു സാമ്പത്തികവർഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ചിത്രപ്രദർശനത്തിനു വേണ്ട പിൻബോർഡുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ</u>

4317 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കനകക്കുന്ന് പാലസിൽ ചിത്രപ്രദർശനത്തിനു വേണ്ട പിൻബോർഡുകൾ വാങ്ങിയതിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കാമോ;

(ബി) അതുമായി ബന്ധപ്പെട്ട് കനകക്കുന്ന് പാലസ് സൂപ്രണ്ട് 2012 ഡിസംബർ 17-ാം തീയതി ടൂറിസം ഡയറക്ടർക്ക് അയച്ച കത്തിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ;

(സി) ഈ കത്തിന്റെ അടിസ്ഥാനത്തിലും ടൂറിസം അഡീഷണൽ ഡയറക്ടർ (പി&പി) ഓഡിറ്റ് അന്വേഷണത്തിനു നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ടൂറിസം വകുപ്പ് കനകക്കുന്ന് കൊട്ടാരം സൂപ്രണ്ട് ശ്രീ. സുബൈർകുട്ടിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ:

(ഡി) ഈ ഉദ്യോഗസ്ഥനെതിരെ മുൻപ് വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>മുറ്റിച്ചൂർ പാലം ചിൽഡ്രൻസ് പാർക്ക്</u>

4318 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തിക്കാട് പഞ്ചായത്തിലെ മുറ്റിച്ചൂർ പാലത്തിനുസമീപം കനോലി കനാലിന്റെ തീരത്ത് 'സ്നേഹതീരം' മാതൃകയിൽ ഒരു 'ചിൽഡ്രൻസ് പാർക്ക്' ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ, വിനോദസഞ്ചാര വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുമോയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും തുമ്പൂർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചു തൂക്കുപാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

4319 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും ചാലക്കുടി അതിരപ്പിള്ളിയ്ക്കടുത്ത തുമ്പൂർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള, 4.97 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തൂക്കുപാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നഗരൂർ ആയിരവില്ലി ടൂറിസം പദ്ധതി</u>

4320 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നഗരൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ആയിരവില്ലിപ്പാറയും ആയിരവില്ലി ക്ഷേത്രവുമുൾപ്പെടുന്ന പ്രദേശം ടൂറിസം പദ്ധതിയിലുൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സ്ഥലം എം. എൽ.എ യും നഗരൂർ ഗ്രാമപഞ്ചായത്തും നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 25.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.